21 (2321) ജീവനക്കാരുടെ ശമ്പളത്തിലുള്ള അപാകത

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രസാദ് കമ്മറ്റി റിപ്പോർട്ടിന്റെ വെളിച്ചത്തിൽ സർക്കാർ ഉത്ത രവ് നമ്പർ ജി.ഒ,(പി)82/99/എസ്.ടി.ഇ.ഡി തീയതി 2-8-99 പ്രകാരം എസ്.ടി.ഇ. സി.യുടെ കീഴിലുള്ള എത്ര സ്ഥാപനങ്ങളിൽ ജീവനക്കാരുടെ ശമ്പളത്തിലുള്ള അപാകത പുനർനിർണ്ണയിക്കാൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത് നടപ്പാക്കാൻ സാധിക്കാത്ത സ്ഥാപനങ്ങളിൽ ഇത് എന്നേയ്ക്ക് പൂർണ്ണമായും നടപ്പിലാക്കാൻ കഴിയും;

(സി) ഇക്കാര്യത്തിൽ കാലതാമസം ഒഴിവാക്കുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ)(ബി)&(സി) ശാസ്ത്ര-സാങ്കേതിക പരിസ്ഥിതി വകുപ്പിന്റെ കീഴിൽ ഏഴ് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് സെന്ററുകളാണ് പ്രവർത്തിച്ചു വരുന്നത്. പ്രസാദ് കമ്മിറ്റി റിപ്പോർട്ടിന്റെ വെളിച്ചത്തിൽ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(പി)82/99-സ്റ്റെഡ് തീയതി 2-8-99 പ്രകാരം പ്രസ്തുത സ്ഥാപന ങ്ങളിലെ ജീവനക്കാരുടെ ശമ്പളത്തിലുള്ള അപാകതകൾ പരിഹരിക്കാൻ നട പടി എടുത്തുവരുന്നു.

22 (2322) കുറവു വരുത്തിയ തസ്തികകൾ

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അധികാര വികേ ന്ദ്രീകരണം നടത്തുന്നതിന്റെ ഭാഗമായി സംസ്ഥാന സെക്രട്ടേറിയറ്റിൽ (ധനകാര്യ, നിയമ വകുപ്പുകൾ ഉൾപ്പെടെ) എത്ര തസ്തികകളുടെ കുറവ് വരു ത്തിയിട്ടുണ്ട്; അവ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) കുറച്ച തസ്തികകളിൽ ജോലി നോക്കിയിരുന്നവരെ എവിടെ ഒക്കെയാണ് പുനർ നിയമനം നടത്തിയത്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന സെക്രട്ടേറിയറ്റിൽ (ധനകാര്യ നിയമ വകുപ്പുകൾ ഉൾപ്പെടെ) എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; അവ ഏതൊക്കെ തസ്തികകൾ എന്ന് വെളി പ്പെടുത്തുമോ?

ഉത്തരം

(എ) 37 തസ്തികകൾ കുറവ് വരുത്തിയിട്ടുണ്ട്. 7 സെക്ഷൻ ഓഫീ സർമാരും 30 അസിസ്റ്റന്റുമാരും.

(ബി) ഇവരെ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളിലെ പെർഫോമൻസ് ആഡിറ്റ് ടീമുകളിലാണ് നിയമിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly